## പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1878 04.05.2017- ൽ മറുപടിക്ക്**

## "മാർജിൻ മണി വായ്പയുടെ കുടിശ്ശിക അടച്ച് തീർക്കുന്നതിന് പദ്ധതികൾ "

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.എം. സ്വരാജ് | | ശ്രീ. എ.സി.മൊയ്തീൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) | |
| എ) | സംസ്ഥാനത്തെ ചെറുകിട വ്യവസായ സ്ഥാപനങ്ങൾക്ക് അനുവദിക്കപ്പെട്ടിട്ടുള്ള മാർജിൻ മണി വായ്പയുടെ കുടിശ്ശിക അടച്ച് തീർക്കുന്നതിന് എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കി വരുന്നു എന്ന് അറിയിക്കുമോ; പ്രസ്തുത പദ്ധതികളുടെ മാനദണ്ഡങ്ങൾ അറിയിക്കുമോ; | എ) | മാർജിൻ മണി വായ്പയുടെ കുടിശ്ശിക അടച്ചുതീർക്കുന്നതിന് സർക്കാർ, കാലാകാല ങ്ങളിൽ ഒരു നിശ്ചിത സമയപരിധിയിലേക്ക് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കി വരുന്നു. നിലവിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി 24.03.2017 ലെ ജി.ഒ(ആർ.ടി) നമ്പർ 459/17/വ്യവ. ഉത്തരവ് പ്രകാരം ഈ സർക്കാർ 2 കാറ്റഗറികളിലായി പ്രഖ്യാപിച്ചിട്ടുണ്ട്.<br><br>കാറ്റഗറി I പ്രകാരം യൂണിറ്റുടമയായ വായ്പക്കാരൻ മരണപ്പെടുകയും സ്ഥാപനം പ്രവർത്തനരഹിതവും, ആസ്തികൾ തിരിച്ചടവിന് സാധ്യമല്ലാത്ത തരത്തിൽ നിലവിലില്ലാതിരിക്കുകയും ചെയ്യുന്ന സാഹചര്യ ത്തിൽ അനന്തരാവകാശിയുടെ അപേക്ഷയിന്മേൽ കുടിശ്ശിക തുക പൂർണ്ണമായും എഴുതിത്തള്ളാം. ഇത്തരം കേസുകളിൽ വായ്പ കാലാവധി കഴിയാൻ കാത്തിരിക്കേണ്ടതില്ല.<br><br>കാറ്റഗറി II അനുസരിച്ച് റവന്യൂ റിക്കവറി നടപടികളിലിരിക്കുന്നതും, യൂണിറ്റ് പ്രവർത്തന രഹിതമാവുകയും ആസ്തികൾ കൈമാറ്റം ചെയ്തിട്ടുള്ളതുമായ യൂണിറ്റുകൾ, മുതലും വായ്പ അനുവദിച്ച തീയതി മുതൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരമുള്ള അപേക്ഷാ തീയതി വരെയുള്ള 6% പലിശയും ചേർന്ന തുകയാണ് തിരിച്ചടയ്ക്കേണ്ടതായി കണക്കാക്കേണ്ടത്. വായ്പക്കാരൻ തിരിച്ചടവ് നടത്തിയിട്ടുണ്ടെങ്കിൽ അത് കഴിച്ചുള്ള തുകയുടെ 50% ഉടൻ അടയ്ക്കേണ്ടതും ബാക്കി തുക ഒരു വർഷത്തിനകം 2 ഗഡുക്കളായി അടയ്ക്കേണ്ടതുമാണ്. ഇതിൽ വീഴ്ച വരുത്തിയാൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി ആനുകൂല്യം റദ്ദാക്കും. |

| | | | |
|---|---|---|---|
| ബി) | പ്രസ്തുത പദ്ധതികളുടെ ആനുകൂല്യം ലഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് വായ്പക്കാർ സ്വീകരിക്കേണ്ടത് എന്ന് അറിയിക്കുമോ? | ബി) | ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതിനായി വായ്പക്കാരൻ നിർദ്ദിഷ്ട ഫോമിലുള്ള അപേക്ഷയും അനുബന്ധ രേഖകളും സ്ഥാപനം പ്രവർത്തന രഹിതം എന്ന് തെളിയിക്കുന്ന രേഖകൾ സഹിതം അതാത് ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർമാർക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ്. |

**സെക്ഷൻ ഓഫീസർ**